photo feature

# ഫ്ളാഷ് ബാക്ക്

വരികൾ :
കുഞ്ഞമ്മദ് കോട്ടപ്പള്ളി

കൊട്ടിയടക്കപ്പെട്ട ഹൃദയഭൂമികയുടെ പിന്നാമ്പുറങ്ങളിൽ
ഓട്ടപ്രദക്ഷിണം നടത്തുമ്പോൾ മരവിച്ച കണ്ണുകൾക്കും
കാതുകൾക്കും പകരം വെക്കാൻ ക്യാമറാകണ്ണുകൾക്കായെങ്കിൽ....



ഹൃദയവും തലച്ചോറും വിറ്റ് ഒടുവിൽ നടന്നെത്തിയത് ഇവിടെയാണ്. ഇനിയെങ്കിലും കാലിനടിയിൽ നിന്ന് ഊർന്നുപോയ മണൽത്തരികളെ തേടി ആഴിയിലേക്ക് ഊളിയിടണം. തന്നെ പേറിയ ഓർമ്മകൾക്കായ് ചെരുപ്പുകളെങ്കിലും ബാക്കിവെക്കണമെന്ന് മാത്രം

താൻ സ്വപ്നം കണ്ടവർ
ഒരുക്കിത്തന്ന കൂടാരത്തി
ലിരുന്ന് കാത്തിരിക്കുക
തന്നെ.....
വരുമെന്നുറപ്പുള്ളത്
തന്നെയാണ് കാത്തിരിക്കു
ന്നതെന്ന ആശയെങ്കിലും
ബാക്കിയുണ്ടല്ലോ?
പിന്നെ പാഴ്തുണിയിൽ
പൊതിഞ്ഞ
ഈ ദുഃഖം ആരറിയാൻ...







കലിയുഗം കാട്ടുന്ന ക്രൂരതകൾ
കാണുവാൻ ബുദ്ധിയുള്ളവർക്ക്
കണ്ണില്ലെങ്കിൽ ബുദ്ധിവെക്കാത്തവർ
ഉണ്ടാതിരിക്കില്ലല്ലോ... ?
ഉച്ചതലയോട്ടിക്കുള്ളിൽ വെളിച്ചം
കാണുമെന്ന പ്രതീക്ഷയില്ലെങ്കിലും....



മണൽപ്പുറത്തെ ചിത്രങ്ങൾ പോലെ കാലം
പലതും മായ്ച്ചുകളയുന്നു.
ഒടുവിൽ ഈ പുഴയും..പിന്നെ ദാഹിച്ചലറുന്ന
നാവുകൾക്ക് ഒരു തുള്ളി ജലമെങ്കിലും നൽകാൻ
നാം പാടുപെടുമെന്ന് ഓർക്കുകയെങ്കിലുമാവാം...



കളികണ്ടവൻ കളിക്കാൻ മടിക്കുമോ?
സാഹചര്യങ്ങളല്ലേ അവനെയും ഉണ്ടാക്കിയത്.
പ്രതീക്ഷകളുടെ
നേർക്കാണ് തോക്കു ചൂണ്ടുന്നതെങ്കിലും...




അവന്റെ ചീഞ്ഞളി
സംസ്കാരങ്ങൾ
ഇരുകൈയ്യും
നീട്ടി സ്വീകരിക്കാൻ
വിധിക്കപ്പെട്ടവരാ
വിഷം മോന്തിയിട്ടാ
അവനെപോലെയാ
ചിന്തമാത്രമല്ലേ ന
ഭരിക്കുന്നത്.

കാലം മാറിയാലും കോലം
മാറിയാലും കഞ്ഞിക്ക്
വേണ്ടിയുള്ള കോരന്റെ
പോരാട്ടം നിർത്താനൊക്കില്ലല്ലോ...
അത് കുമ്പിളിലാണെങ്കിൽ കൂടി...





താനെന്തെന്ന് അറിയാത്തവൻ
തന്നെതിന്നുന്നതിലെന്തു പ്രത്യേകത..
അല്ലേലും യന്ത്രങ്ങൾ, അവരെന്താണ്
ഭുജിക്കുന്നതെന്ന് അറിയില്ലല്ലോ... ?!



ചിന്തകൾ മരവിപ്പിക്കുന്ന
ലഹരിയിൽ ജീവിതം പുകഞ്ഞ
തീരുകയാണ്. എങ്കിലും
അരുതെന്ന് വിലക്കാൻ
ഒരു കരം...
ദൂരെയെവിടെയോ
പ്രതീക്ഷയുടെ പ്രകാശമിനി

ചവറ്റുകൊട്ടയാകുന്ന ഭൂമികയിൽ
ബാക്കിയില്ലൊരിടവും
പ്ലാസ്റ്റിക്കിടാൻ......
ബാനർ കെട്ടി പ്രതിഷേധിച്ചാലും
തോരണം കെട്ടി മുദ്രാവാക്യം
വിളിച്ചാലും പേറേണ്ടത്
ഭൂമി തന്നെ.....





പ്രശ്നം വയറിന്റെ തന്നെയാണ് ....
ആധുനികതയും ഉത്തരാധുനികതയും
കഴിഞ്ഞെന്ന് വയറിനറിയില്ലല്ലേ.......?:
പിന്നെയെന്തിന് ഇവരെ അടിച്ചോടിക്കണം..... ?



കാടനെ പിടിക്കാൻ നാടൻ. നാടനെ പിടിക്കാൻ കാടനും
മനുഷ്യനും മൃഗങ്ങളും തമ്മിൽ അന്തരങ്ങളില്ലെന്ന് തെളിയിക്കുക തന്നെ..
നിയമത്തിന് നിയമത്തിന്റെ വഴി: കാടന് കാടന്റെയും; രണ്ടും ഒന്നു തന്നെ....



അശരണരെ തൊഴിക്കാൻ
ഉശിരുള്ളവർ ഇന്നുമുണ്ട്
ശേഷിയുള്ളവരെ തടുക്കാൻ
ആരാണിവിടെയുള്ളത്. ?



തിരി ആര് കൊളുത്തിയാലും
കണലുകൾ ഉണ്ടാക്കുന്നത്
തീ തന്നെ... ഒരേ നിറം..
ഒരേ ഭാവം... ഒരേ ലക്ഷ്യം....


'നെഞ്ചിൽ ഭാരങ്ങൾ...
തോളിൽ ഭാണ്ഡങ്ങൾ...
തലയിലെരിയുന്ന കണലുകൾ.....
ലോകമൊട്ടുക്കും കുഴപ്പമെന്നാൽ
ഇവയൊക്കെ എവിടെയിറക്കിവെക്കും... ?
കണ്ണുകൾ കരയുമ്പോഴും
ഹൃദയങ്ങൾ
കനലുകളുണ്ടാക്കുന്നു.
ഞെരിഞ്ഞമരുന്ന ബന്ധങ്ങൾ
ക്കിടയിൽ കരിഞ്ഞമരുന്ന
ദേഹങ്ങൾക്ക് അവശേഷിക്കുന്നത
ഈ കരച്ചിലുകൾ മാത്രം...
കരയാം....നമുക്കൊന്നായ്......
കുഞ്ഞിന്റെ കൊഞ്ചലിലെന്ത്
എരിയുന്ന മനസ്സ്....
ഉരുകിത്തീരുന്ന ബന്ധങ്ങൾക്കിടയിൽ
ഇവർ വിയർപ്പുതിർത്ത് കാത്തിരിക്കുന്നു.
എന്നിട്ടും പ്രതീക്ഷയുടെ ജനവാതിലുകൾ
അടഞ്ഞുകിടക്കുന്നു.